**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3389** **01-03-2023 - ൽ മറുപടിയ്ക്ക്**

**ജില്ലാ റവന്യൂ അസംബ്ലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ മണ്ഡലാടിസ്ഥാനത്തിൽ കണ്ടെത്തി പരിഹരിക്കുന്നതിന്റെ ഭാഗമായി നടന്ന ജില്ലാ റവന്യൂ അസംബ്ലിയുടെ യോഗ തീരുമാന പ്രകാരം മണലൂർ മണ്ഡലവുമായി ബന്ധപ്പെട്ട് പരിഹാരം കണ്ടെത്തിയ വിഷയങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | 2022 റവന്യൂ ജില്ലാ അസംബ്ലിയിൽ മണലൂർ അസംബ്ലി മണ്ഡലവുമായി ബന്ധപ്പെട്ട് ആകെ 18 അപേക്ഷകൾ ലഭിച്ചു. ആയതിൽ എല്ലാ അപേക്ഷകളും പരിശോധിച്ചിട്ടുള്ളതും, അടിയന്തിരമായി നടപടി പൂർത്തിയാക്കി തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. അപേക്ഷകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>ജില്ലാ റവന്യു അസംബ്ലി-2022 - മണലൂർ മണ്ഡലവുമായി ബന്ധപ്പെട്ട അപേക്ഷകളുടെ പട്ടിക</u>

| ക്രമ നം. | ഉന്നയിച്ച പ്രശ്നം | റിമാർക്സ്/ സ്വീകരിച്ച നടപടി |
|---|---|---|
| 1 | വനഭൂമിയുമായി ബന്ധപ്പെട്ട പട്ടയങ്ങൾ വിതരണം ചെയ്യാനുള്ള നടപടികൾ വേഗത്തിലാക്കണം | ജില്ലയിൽ വനഭൂമി പതിവ് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, വനഭൂമി പതിവു നടപടികൾക്കു മാത്രമായി തൃശൂർ ജില്ലയിൽ ഒരു സ്പെഷ്യൽ ഓഫീസ് പുതിയതായി ആരംഭിക്കുന്നതിനായുള്ള പ്രപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ളതും ആയത് G.O.(Rt) No.246/2023/RD dated 13.01.2023 അനുവദിച്ചിട്ടുള്ളതുമാണ്. |
| 2 | ചൂണ്ടൽ പഞ്ചായത്തിൽ നിലനിൽക്കുന്ന പട്ടയ പ്രശ്നങ്ങൾ പരിഹരിക്കണം. | ചൂണ്ടൽ വില്ലേജ് റീസർവ്വെ നമ്പർ 410/4, 413/1 പുറമ്പോക്ക് ഭൂമികളിൽ താമസിച്ചുവരുന്ന 5 കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിനുവേണ്ടി പഞ്ചായത്ത് വകുപ്പിൽ നിന്നും പ്രസ്തുത ഭൂമി ഡീവെസ്റ്റ് ചെയ്ത് ലഭിയ്ക്കുന്നതിനായി ചൂണ്ടൽ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്തു നൽകിയിട്ടുള്ളതും ആയതു ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. |
| 3 | കാഞ്ഞാണി ഏനമ്മാവ് പാവറട്ടി റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട അതിർത്തി തിരിക്കുന്നതിനുള്ള നടപടിയുണ്ടാവണം | അർത്ഥനാധികാരിയായ തൃശ്ശൂർ പൊതുമരാമത്ത് നിരത്തുകൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കണ്ടിജൻസി ചാർജ്ജ് അടവാക്കിയിട്ടുണ്ടെങ്കിലും ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ അഡീഷണൽ ഭരണാനുമതി, അകിസിഷൻ അനുമതി എന്നിവ ലഭ്യമാകാതെ സാമൂഹിക ആഘാത പഠനം തുടങ്ങിയ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കാത്തതിനാൽ ലഭ്യമായ ഫണ്ടിനനുസരിച്ച് പ്രൊപ്പോസൽ നൽകാനാകുമോ എന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനു അർത്ഥനാധികാരിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| 4 | ഗുരുവായൂർ പോലീസ് സ്റ്റേഷന് കെട്ടിടം അനുവദിക്കുന്നതിന് സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച് | St.Thomas Ferona church ഫയൽ ചെയ്തിട്ടുള്ള WPC 77/2019 ഹർജിയിൽ തീർപ്പായിട്ടില്ലാത്തതിനാൽ ഗുരുവായൂർ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഭൂമി കൈമാറുന്നതിന് സാധിച്ചിട്ടില്ല. |
| 5 | പാവറട്ടി വില്ലേജ് ഓഫീസ് സ്മാർട്ട് ആക്കുന്നതിനുള്ള നടപടിയുണ്ടാകണം | സ്ഥലം കണ്ടെത്തുന്നതിന് പാവറട്ടി ഗ്രാമപഞ്ചായത്ത് അധികൃതരുമായി ചേർന്ന് പരിശ്രമിച്ച് നടപടി സ്വീകരിച്ചു വരുന്നു. |
| 6 | തൃശൂർ-വാടനപ്പള്ളി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പ് വേഗത്തിലാക്കുന്നത് സംബന്ധിച്ച് നടപടിയുണ്ടാകണം | അർത്ഥനാധികാരിയായ തൃശ്ശൂർ പൊതുമരാമത്ത് നിരത്തുകൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കണ്ടിജൻസി ചാർജ്ജ് അടവാക്കിയിട്ടുണ്ടെങ്കിലും |

| | | |
|---|---|---|
| | | ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ അഡീഷണൽ ഭരണാനുമതി, അകിസിഷൻ അനുമതി എന്നിവ ലഭ്യമാകാതെ സാമൂഹിക ആഘാത പഠനം തുടങ്ങിയ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കാത്തതിനാൽ ലഭ്യമായ ഫണ്ടിനനുസരിച്ച് പ്രൊപ്പോസൽ നൽകാനാകുമോ എന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനു അർത്ഥനാധികാരിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| 7 | 2019-20 വർഷത്തെ ബഡ്ജറ്റിൽ മണലൂർ മണ്ഡലത്തിലെ പാവറട്ടി സെന്ററിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും സിഗ്നലിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും പൊതുമരാമത്ത് വകുപ്പ് 2 . 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ സർവ്വെ വകുപ്പ് ചെയ്യേണ്ടതായ സർവ്വേ ജോലികൾ ഇതുവരെയും തുടങ്ങിയിട്ടില്ല. ആയത് വേഗത്തിലാക്കണം | പാവറട്ടി സെന്റർ നവീകരണത്തിന്റെ ഭാഗമായുള്ള സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും കൈയ്യേറ്റ സ്കെച്ചുകൾ 20/6/2022-ന് PWDഅധികൃതർക്ക് കൈമാറിയിട്ടുള്ളതാണ്. |
| 8 | ഗുരുവായൂർ പാവറട്ടി, തൃപ്പയാർ തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി കടന്നുപോകുന്ന ചാവക്കാട്-കാഞ്ഞാണി പാതയിലെ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ഏനാമാവ് ചർച്ചിന് സമീപത്തെ ഇടുങ്ങിയ ഭാഗം അടിയന്തിര പ്രാധാന്യത്തോടെ പൂർത്തീകരിക്കണം | ഡെപ്യൂട്ടി കളക്ടർ എൽ എ തുടർനടപടികൾ സ്വീകരിച്ച് വരുന്നു |
| 9 | തൃശ്ശൂർ വാടാനപ്പള്ളി സംസ്ഥാനപാതയുടെ രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കണം | ഡെപ്യൂട്ടി കളക്ടർ എൽ എ തുടർനടപടികൾ സ്വീകരിച്ച് വരുന്നു |
| 10 | തൃശ്ശൂർ-കുറ്റിപ്പുറം പാതയിൽ മറ്റുവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡ് നാല് വരിയായി വികസിപ്പിക്കുന്നത് സംബന്ധിച്ച്. | ഡെപ്യൂട്ടി കളക്ടർ എൽ എ തുടർനടപടികൾ സ്വീകരിച്ച് വരുന്നു |
| 11 | കണ്ടാണശ്ശേരിയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം പണിയുന്നത് സംബന്ധിച്ച് | ഡെപ്യൂട്ടി കളക്ടർ എൽ എ തുടർനടപടികൾ സ്വീകരിച്ച് വരുന്നു |
| 12 | പാവറട്ടി വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച്. | സ്ഥലം കണ്ടെത്തുന്നതിന് പാവറട്ടി ഗ്രാമപഞ്ചായത്ത് അധികൃതരുമായി ചേർന്ന് നടപടി സ്വീകരിച്ചു വരുന്നു. |
| 13 | മണ്ഡലത്തിലെ വിവിധ വില്ലേജുകളിൽപ്പെട്ട പട്ടയത്തിനുള്ള അപേക്ഷകളിൽ സമയബന്ധിതമായി പട്ടയം ലഭ്യമാക്കണം | പട്ടയങ്ങൾ വേഗത്തിൽ വിതരണം ചെയ്യുന്നതിനുളള നടപടികൾക്കായി പട്ടയം മിഷൻ പദ്ധതി രൂപീകരിച്ചിട്ടുളളതും ആയതുപ്രകാരം നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| 14 | ചൂണ്ടൽ പഞ്ചായത്ത് വക പുറമ്പോക്ക് ഭൂമി ആറ് പേർക്ക് പതിച്ചുനൽകുന്നത് സംബന്ധിച്ച് | പ്രസ്തുത സ്ഥലത്ത് സംയുക്ത പരിശോധന നടത്തിയിട്ടുള്ളതും ആയതുപ്രകാരം ടി കൈവശഭൂമികൾ പതിവിന് അനുയോജ്യമായതും അപേക്ഷകർ പട്ടയം ലഭിക്കുന്നതിന് അർഹരുമാണെന്ന് പരിശോധനയിൽ വ്യക്തമായിട്ടുള്ളതും റിപ്പോർട്ട് റവന്യൂ ഡിവിഷണൽ |

| | | |
|---|---|---|
| | | ഓഫീസർക്ക് നൽകിയിട്ടുള്ളതാണ്. പഞ്ചായത്തിൽ നിന്നും പ്രസതുത ഭൂമികൾ റവന്യൂ വകുപ്പിലേക്ക് പുനർ നിക്ഷിപ്തം ചെയ്ത് ലഭിക്കുന്ന മുറയ്ക്ക് പട്ടയ നടപടികൾ ആരംഭിക്കാവുന്നതാണ്. |
| 15 | കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ സംരക്ഷണത്തിന്റെ ഭാഗമായി അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് | ജില്ലാകളക്ടറുടെ DCTSR/8314/2021-61 സർക്കുലർ പ്രകാരം ആവശ്യമായ നടപടികൾ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് സ്വീകരിക്കാവുന്നതാണെന്ന് നിർദ്ദേശം ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറിയിട്ടുള്ളതാണ് |
| 16 | മണലൂർ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളിൽ ജീവനക്കാരുടെ ഒഴിവുകളുണ്ട്. പ്രസ്തുത ഒഴിവുകൾ ഉടൻ നികത്തണം | ഡെപ്യൂട്ടി കളക്ടർ ജനറൽ തുടർനടപടി സ്വീകരിച്ച് വരുന്നു |
| 17 | മണലൂർ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ മിക്കവയും ഗ്രൂപ്പ് വില്ലേജുകളാണ്. ഇവയെ വേർപെടുത്തണം | ഡെപ്യൂട്ടി കളക്ടർ ജനറൽ തുടർനടപടി സ്വീകരിച്ച് വരുന്നു |
| 18 | കാലവർഷക്കെടുതി മൂലം തകർന്ന റോഡുകൾ പുനരുദ്ധരിക്കാൻ അനുമതിയായത് സംബന്ധിച്ച് | ഡെപ്യൂട്ടി കളക്ടർ ദുരന്തനിവാരണം തുടർനടപടി സ്വീകരിച്ച് വരുന്നു |

കെ രാജൻ

**MINISTER**